2426
14/2/21

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തൊഴിലും നൈപുണ്യവും വകുപ്പ് -കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് - എൽ.ഡി.ക്ലർക്ക്, യു.ഡി. ക്ലർക്ക് അനുപാതം 1:1 ആയി പുന:ക്രമീകരിക്കുന്നതിന് ബോർഡ് ചീഫ് എക്സിക്യൂട്ടീവിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

G.O.(Ms) No.14/2021/LBR  തീയതി,തിരുവനന്തപുരം, 11/02/2021

---

പരാമർശം:- 1 സ.ഉ.(എംഎസ്) 515/85/ഫിൻ തീയതി 16.09.1985

2 കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് ചീഫ് എക്സിക്യൂട്ടീവിന്റെ 27.12.2017,19.12.2019, 23.01.2021 എന്നീ തീയതികളിലെ ഇ1-2065/2016 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

പരാമർശം (1) പ്രകാരമുള്ള 1985 ലെ നാലാം ശമ്പള പരിഷ്കരണ ഉത്തരവിൽ സർക്കാർ സർവ്വീസുകളിലെ എൽ.ഡി.ക്ലർക്ക്, യു.ഡി. ക്ലർക്ക് അനുപാതം 1:1 എന്ന മുറയ്ക്ക് ഉത്തരവായിട്ടുള്ളതും, ടി അനുപാതം തുടർന്നുള്ള ശമ്പള പരിഷ്കരണ ഉത്തരവുകൾക്ക് ബാധകമാക്കി അനുവദിച്ചു വരുന്നതുമാണ്. കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിൽ 414 എൽ.ഡി.സി, 98 യു.ഡി.സി തസ്തികകളാണ് വിവിധ കാലയളവുകളിലായി സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുള്ളതെന്നും ആയതിനാൽ ബോർ ഡിലെ എൽ.ഡി. ക്ലർ ക്ക്, യു.ഡി. ക്ലർക്ക് അനുപാതം സർക്കാർ വകുപ്പുകളിലെ പോലെ ക്രമീകരിക്കുന്ന വിഷയം 10.05.2017-ലെ 470-മത് ബോർഡ് യോഗം ചർച്ച ചെയ്യുകയും, 5 ശതമാനം ഒഴിവുകൾ അടിയന്തിര ഘട്ടങ്ങളിൽ മാത്രം വിനിയോഗിക്കുന്നതിനായി നിജപ്പെടുത്തി 450 ക്ലറിക്കൽ തസ്തിക 1:1 അനുപാതത്തിൽ പുനഃക്രമീകരിക്കുന്നതിന് സർക്കാർ അനുമതി നൽകണമെന്ന് പ്രസ്തുത ബോർഡ് യോഗം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് 27.12.2017-ലെ പരാമർശം (2) കത്ത് പ്രകാരം ശുപാർശ സമർപ്പിയ്ക്കുകയുണ്ടായി.

2) കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിൽ നിലവിൽ 512 ക്ലറിക്കൽ തസ്തികകളിൽ (414 എൽ.ഡി.ക്ലർക്ക്, 98 യു.ഡി. ക്ലർക്ക്) ശമ്പളയിനത്തിലുള്ള വാർഷിക സാമ്പത്തിക ബാധ്യത 12,40,27,200/- രൂപ ആണെന്നും, മേൽ തസ്തികകളിൽ 1:1 അനുപാതം അനുവദിക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത (256 എൽ.ഡി.സി+256 യു.ഡി.സി) പ്രതിവർഷം 13,57,82,400 രൂപയാണെന്നും

ആയത് മൂലം ബോർഡിന് 1,17,55,200 രൂപയുടെ പ്രതിവർഷ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നുണ്ടെന്നും 23.01.2021 ലെ പരാമർശം (2) കത്ത് പ്രകാരം ചീഫ് എക്സിക്യൂട്ടീവ് അറിയിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എൽ.ഡി.ക്ലർക്ക്, യു.ഡി. ക്ലർക്ക് അനുപാതം 1:1 എന്നത് എല്ലാ സർക്കാർ വകുപ്പുകളിലും പൊതുവിൽ അംഗീകരിക്കപ്പെട്ട തത്വമായതിനാലും കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് സർക്കാരിന്റെ സാമ്പത്തിക സഹായം കൂടാതെ സ്വയം സാമ്പത്തിക പര്യാപ്തതയിൽ പ്രവർത്തിക്കുന്ന സ്ഥാപനമായതിനാലും കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡിലെ ജീവനക്കാർക്ക് കൂടി പൊതുവിലുള്ള ആനുകൂല്യം എന്ന പരിഗണന നൽകി പരാമർശം (1) പ്രകാരമുള്ള 1985 ലെ നാലാം ശമ്പള പരിഷ്കരണ ഉത്തരവിലൂടെ പ്രാബല്യത്തിൽ വരികയും തുടർന്നുള്ള ശമ്പള പരിഷ്കരണ ഉത്തരവുകൾക്ക് ബാധകമാക്കി അനുവദിച്ച് വരുന്നതുമായ എൽ.ഡി.ക്ലർക്ക്, യു.ഡി. ക്ലർക്ക് 1 : 1 അനുപാതം, ബോർഡിൽ അനുവദിക്കപ്പെട്ട 5 1 2 ക്ലറിക്കൽ തസ്തികകളിലും ബാധകമാക്കി പുന:ക്രമീകരിക്കുന്നതിന് ബോർഡ് ചീഫ് എക്സിക്യൂട്ടീവിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SATYAJEET RAJAN
ADDITIONAL CHIEF SECRETARY

ചീഫ് എക്സിക്യൂട്ടീവ്, കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.(No.1188112/LBR-1/87/2019-FIN)

പൊതുഭരണ (എസ്.സി) വകുപ്പ് (10.02.2021 ലെ മന്ത്രിസഭാ യോഗത്തിലെ 4600ാം ഇനം നമ്പർ തീരുമാനപ്രകാരം)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂമീഡിയ)

സംഭരണ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid

Digitally signed by BETTY P THOMAS
Date: 2021.02.1 16:35:44 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:-

തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പി.എസ്. ന്

തൊഴിലും നൈപുണ്യവും വകുപ്പ്അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ ക്ക്

തൊഴിലും നൈപുണ്യവും വകുപ്പ്അഡീഷണൽ സെക്രട്ടറിയുടെ സി.എ

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-02-2021

ഫയൽ നം.എച്ച്3/13/2018-തൊഴിൽ ഇനം നം: 4600

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിലെ എൽ.ഡി. യു.ഡി. ക്ലർക്ക് അനുപാതം 1:1 ആയി പുനഃക്രമീകരിക്കുന്നതിന് കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവിന് അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്

**GOVERNMENT OF KERALA**
**(Shri.Pinarayi Vijayan Ministry)**
**NOTE FOR THE COUNCIL OF MINISTERS**

| | | | |
|---|---|---|---|
| 1. | File No. | : | H3/13/2018/LBR. |
| 2. | Department | : | Labour & Skills (H) Department. |
| 3. | Subject | : | Permission to the Chief Executive, Kerala Headload Workers Welfare Board to re-fix the ratio of LD and UD Clerk in the Board as 1:1-reg |
| 4. | Date of Chief Minister's order for placing before the Council | : | 12/01/2021 |
| 5 | Does the case involve financial commitments/ implications and if so whether Finance Department has been consulted and their remarks incorporated in the Note for the Council | : | No financial commitment to Government. But the remarks of Finance Department is obtained |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No |
| 7. | Name of Additional Secretary who submitted the Draft Note | : | Shri.D.Lal. |
| 8. | Name of Additional Chief Secretary who approved the Draft Note | : | Sri. Satyajeet Rajan |
| 9. | Date of approval of the Draft Note for the Council by the Additional Chief Secretary | : | 28.01.2021 |
| 10 | Name of Chief Secretary who approved the Draft Note | : | Dr.Vishwas Mehta |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 08.02.2021 |
| 12 | Name of Minister who approved the Draft Note | : | Sri. T.P.Ramakrishnan. |
| 13 | Date of approval of the Draft Note for the Council by the Minister | : | 08.02.2021 |
| 14 | Date of submission of fair copies | : | |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and date of the G.O./letter communicating the decision | : | |

## NOTE FOR THE COUNCIL OF MINISTERS

This note pertains to granting of permission to the Chief Executive, Kerala Headload Workers Welfare Board to re-fix the ratio of LD Clerk and UD Clerk as 1:1 in the Clerical posts in the Kerala Headload Workers Welfare Board.

2. In the 4th Pay Revision order issued vide G.O(MS) No.515/85/Fin dated 16.09.1985, the ratio of LDC and UDC was re-fixed as 1:1 in Government service and the same ratio continues as such in the subsequent Pay Revision orders. At present there are 414 sanctioned posts of LDC and 98 sanctioned post of UDC in the Board and since the 470th Board meeting held on 10.05.2017 discussed the matter to recommend to Government to re-fix the ratio of LDC and UDC as 1:1 in the Board and to amend the Kerala Headload Staff (Appointment, Conditions of Service, Conduct and Discipline) Rule 2002 and accordingly and as per the Board decision, the Chief Executive, Kerala Headload Workers Welfare Board, submitted recommendation to Government, requesting Government sanction to re-fix the LDC/UDC ratio of 1:1 limiting to 450 clerical post and to set apart 5% of the vacancy for using in emergency situations. The Chief Executive further informed that out of the total 512 sanctioned Clerical posts, in 450 clerical posts, the LDC/UDC ratio is to be re-fixed as 1:1 and out of the balance 62 posts, 26 posts ie, 5% of the total clerical posts are set apart for using in the emergency situations and the remaining 36 posts are set apart for regularising the service of 36 physically handicapped LD clerks

who are appointed in the supernumerary posts as LDC in the Board.

3. Chief Executive, Kerala Headload Workers Welfare Board has informed that annual financial liability towards disbursal of salary in respect of 512 clerial post (414 LDC, 98 UDC) is Rs.12,40,27,200/- and the annual financial liability, if 1:1 ratio is allowed in these posts (256 LDC+ 256 UDC) will be Rs. 13,57,82,400/- and the Board will have to bear an annual additional financial commitment of Rs.1,17,55,200/-.

4. When the file was forwarded to Finance Department for remarks on, that Department remarked as follows :-

"ഭാവിയിൽ ഉണ്ടാകാനിടയുള്ള ആവശ്യങ്ങൾക്കായി അധികമായി തസ്തികകൾ അനുവദിക്കുകയോ നിലവിലുള്ള തസ്തികകൾ മാറ്റി വയ്ക്കുകയോ ഒഴിച്ചിടുകയോ ചെയ്യേണ്ട ആവശ്യമില്ല . പ്രസ്തുത സാഹചര്യത്തിൽ ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ക്ലറിക്കൽ തസ്തികകൾ നിലനിർത്തി, ബാക്കിയുള്ള തസ്തികകൾ നിർത്തലാക്കിയതിനു ശേഷം എൽ.ഡി.സി., യു.ഡി.സി. തസ്തികൾ തമ്മിൽ 1:1 റേഷ്യോ അനുവദിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുവാൻ ഭരണ വകുപ്പിനെ അറിയിക്കുന്നു . "

5. Fixing of LDC UDC in 1:1 ratio is a commonly accepted principle in all Government Departments and being a financially self reliant establishment and which doesn't rely on Government for funds, the Hon'ble Minister Labour and Excise for observed that considering the issue as a common benefit to be extended to the employees of the Kerala Headload Workers Welfare Board and circulated the file to Hon'ble Chief Minister and he has

endorsed the views and ordered to place the matter before the Council of Ministers for approval.

## **Point for Decision**

Whether permission may be granted to the Chief Executive, Kerala Headload Workers Welfare Board to re-fix the ratio of LD and UD Clerk in the Board as 1:1 in the sanctioned 512 Clerical posts by extending the benefits granted in the 4th Pay revision order issued vide GO(MS)No.515/85/Fin dated 16/09/1985 and subsequent Pay Revision orders?

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എച്ച്3/13/2018-തൊഴിൽ |
| 2 | വകുപ്പ് | : | തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ് |
| 3 | വിഷയം | : | കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിലെ എൽ.ഡി., യു.ഡി. ക്ലർക്ക് അനുപാതം 1:1 ആയി പുനക്രമീകരിക്കുന്നതിന് കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവിന് അനുമതി നൽകുന്നത് -സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് ലഭിച്ച തീയതി | : | 12.01.2021 |
| 5 | (1) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ? (2) സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; | : | സർക്കാരിന് സാമ്പത്തിക ബാധ്യത ഇല്ല എങ്കിലും ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രി സഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ഡി. ലാൽ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.സത്യജീത് രാജൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 28.01.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 08.02.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്. | : | ശ്രീ.ടി.പി.രാമകൃഷ്ണൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 08.02.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി. | : | |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി. | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് കത്തിന്റെ നമ്പരും തീയതിയും. | ; | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിലെ ക്ലറിക്കൽ തസ്തികകളിൽ എൽ.ഡി.സി., യു.ഡി.സി. അനുപാതം 1:1 ആയി പുനക്രമീകരിക്കുന്നതിന് കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് ചീഫ് എക്സിക്യൂട്ടീവിന് അനുമതി നല്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

16/09/1985-ലെ സ.ഉ.(എംഎസ്) 515/85/ഫിൻ പ്രകാരമുള്ള 1985 ലെ നാലാം ശമ്പള പരിഷ്കരണ ഉത്തരവിൽ സർക്കാർ സർവ്വീസുകളിലെ എൽ.ഡി.സി., യു.ഡി.സി. അനുപാതം 1:1 എന്ന മുറയ്ക്ക് ഉത്തരവായിട്ടുള്ളതും, ടി അനുപാതം തുടർന്നുള്ള ശമ്പള പരിഷ്കരണ ഉത്തരവുകളിലും അനുവദിച്ചു വരുന്നതുമാണ്. നിലവിൽ കേരള ചുമട്ടു തൊഴിലാളി ക്ഷേമബോർഡിൽ 414 എൽ.ഡി.സി, 98 യു.ഡി.സി തസ്തികകളാണ് വിവിധ കാലയളവുകളിലായി സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുള്ളതെന്നും ബോർഡിലെ എൽ.ഡി.സി., യു.ഡി.സി അനുപാതം സർക്കാർ വകുപ്പുകളിലെ പോലെ ക്രമീകരിക്കുന്നതിന് കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് സ്റ്റാഫ് റൂൾ (നിയമനവും, സേവനവ്യവസ്ഥകളും, പെരുമാറ്റവും, അച്ചടക്കവും) ചട്ടം 2002 ഭേദഗതി ചെയ്യുന്ന വിഷയം 10.05.2017 ലെ 470-മത് ബോർഡ് യോഗം ചർച്ച ചെയ്യുകയും, 5 ശതമാനം ഒഴിവുകൾ അടിയന്തിര ഘട്ടങ്ങളിൽ മാത്രം വിനിയോഗിക്കുന്നതിനായി നിജപ്പെടുത്തി 450 ക്ലറിക്കൽ തസ്തിക 1:1 അനുപാതത്തിൽ പുനഃക്രമീകരിക്കുന്നതിന് സർക്കാർ അനുമതി നൽകണമെന്ന് ബോർഡ് യോഗം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് സർക്കാരിന് ശുപാർശ സമർപ്പിയ്ക്കുകയുണ്ടായി. ബോർഡിൽ അനുവദിച്ചിട്ടുള്ള 512 ക്ലറിക്കൽ തസ്തികകളിൽ 450 എണ്ണത്തിൽ എൽ.ഡി.സി/യു.ഡി.സി അനുപാതം 1:1 ആയി പുനഃക്രമീകരിച്ചതിന് ശേഷം ബാക്കി വരുന്ന 62 തസ്തികകളിൽ ആകെയുള്ള തസ്തികകളുടെ 5% ആയ 26 എണ്ണം അടിയന്തിര സാഹചര്യങ്ങളിൽ ഉപയോഗിക്കുന്നതിനും, ബാക്കി വരുന്ന 36 തസ്തികകൾ വിവിധ

സർക്കാർ ഉത്തരവുകൾ പ്രകാരം ബോർഡിൽ സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിതരായ അംഗ പരിമിതരായ 36 എൽ.ഡി.ക്ലാർക്കുമാരെ ഉൾക്കൊള്ളിക്കാൻ വകയിരുത്തിയിട്ടുള്ളതാണെന്നും അറിയിക്കുകയുണ്ടായി.

നിലവിൽ 512 (414 എൽ.ഡി.സി, 98 യു.ഡി.സി) ക്ലറിക്കൽ തസ്തികകളിൽ ശമ്പളയിനത്തിലുള്ള വാർഷിക സാമ്പത്തിക ബാധ്യത 12,40,27,200/- രൂപ ആണെന്നും, മേൽ തസ്തികകളിൽ 1:1 അനുപാതം അനുവദിക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത (256 എൽ.ഡി.സി+256 യു.ഡി.സി) പ്രതിവർഷം 13,57,82,400 രൂപയാണെന്നും 1,17,55,200 രൂപയുടെ പ്രതിവർഷ അധിക സാമ്പത്തിക ബാധ്യത ബോർഡിന് ഉണ്ടാകുന്നുണ്ടെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്.

മേൽ വിഷയത്തിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു ;

"ഭാവിയിൽ ഉണ്ടാകാനിടയുള്ള ആവശ്യങ്ങൾക്കായി അധികമായി തസ്തികകൾ അനുവദിക്കുകയോ നിലവിലുള്ള തസ്തികകൾ മാറ്റി വയ്ക്കുകയോ ഒഴിച്ചിടുകയോ ചെയ്യേണ്ട ആവശ്യമില്ല. പ്രസ്തുത സാഹചര്യത്തിൽ ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ക്ലറിക്കൽ തസ്തികകൾ നിലനിർത്തി, ബാക്കിയുള്ള തസ്തികകൾ നിർത്തലാക്കിയതിനു ശേഷം എൽ.ഡി.സി, യു.ഡി.സി തസ്തികൾ തമ്മിൽ 1:1 റേഷ്യോ അനുവദിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുവാൻ ഭരണ വകുപ്പിനെ അറിയിക്കുന്നു . "

എന്നാൽ എൽ.ഡി.ക്ലാർക്ക്, യു .ഡി ക്ലാർക്ക് അനുപാതം 1 :1 എന്നത് എല്ലാ സർക്കാർ വകുപ്പുകളിലും പൊതുവിൽ അംഗീകരിക്കപ്പെട്ട തത്വമായതിനാലും സർക്കാരിന്റെ സാമ്പത്തിക സഹായം കൂടാതെ സ്വയം സാമ്പത്തിക പര്യാപ്തതയിൽ പ്രവർത്തിക്കുന്ന സ്ഥാപനമായതിനാലും കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിലെ ജീവനക്കാർക്ക് കൂടി പൊതുവിലുള്ള ആനുകൂല്യം എന്ന പരിഗണന നൽകി വിഷയം മന്ത്രിസഭയുടെ പരിഗണനക്ക് സമർപ്പിക്കാമോ എന്ന

ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ അഭിപ്രായം അംഗീകരിച്ച് ഫയൽ മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ഫയൽ ചംക്രമണം ചെയ്തപ്പോൾ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

16/09/1985-ലെ സ.ഉ( എം.എസ്)നം.515/85/ ഫിൻ പ്രകാരമുള്ള 1985 ലെ നാലാം ശമ്പള പരിഷ്കരണ ഉത്തരവിലൂടെ പ്രാബല്യത്തിൽ വരുത്തുകയും തുടർന്നുള്ള ശമ്പളപരിഷ്കരണ ഉത്തരവിൽ നിലനിർത്തി പോരുന്നതുമായ, 1:1 എൽ.ഡി., യു.ഡി. ക്ലർക്ക് അനുപാതം ബോർഡിൽ അനുവദിക്കപ്പെട്ട 512 ക്ലറിക്കൽ തസ്തികകളിലും ബാധകമാക്കി പുന:ക്രമീകരിക്കുന്നതിന് കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് ചീഫ് എക്സിക്യൂട്ടീവിന് അനുമതി നല്കാവുന്നതാണോ?